# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ധർമ്മടം നിയോജകമണ്ഡലം - കണ്ണാടി വെളിച്ചം മിനി സ്റ്റേഡിയം നവീകരണ പ്രവൃത്തി - ആസ്തിവികസന പദ്ധതി പ്രകാരം ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിനും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.2844/2015/തസ്വഭവ തിരുവനന്തപുരം, തീയതി : 17.09.2015.**

പരാമർശം : (1) സ.ഉ(സാധാ)നം.1155/2014/തസ്വഭവ തീയതി : 14.05.2014.
(2) 03.06.2014 ലെ 54/2014/ധന നമ്പർ സർക്കുലർ
(3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.02.2015-ലെ ഡിബി 5/4742/2014/സിഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

ധർമ്മടം നിയോജകമണ്ഡലത്തിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിലെ കണ്ണാടി വെളിച്ചം മിനി സ്റ്റേഡിയം നവീകരണ പ്രവൃത്തിയ്ക്ക് ശ്രീ.കെ.കെ.നാരായണൻ, ധർമ്മടം നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തിവികസന പദ്ധതി പ്രകാരം 25,00,000/-രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അടങ്കലിൽ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ എക്സസ് തുക സഹിതം 26,40,331/- രൂപ 4515-00-800-96 എന്ന ശീർഷകത്തിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത പ്രവൃത്തിയ്ക്കായി ടെണ്ടർ എക്സസിനാവശ്യമായ തുക എം.എൽ.എയുടെ ആസ്തിവികസന പദ്ധതി പ്രകാരം അനുവദിച്ചിട്ടില്ലാത്തതിനാൽ, ധർമ്മടം നിയോജകമണ്ഡലത്തിലെ അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്തിലെ കണ്ണാടി വെളിച്ചം മിനി സ്റ്റേഡിയം നവീകരണ പ്രവൃത്തി, ശ്രീ.കെ.കെ.നാരായണൻ, ധർമ്മടം നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തിവികസന പദ്ധതി പ്രകാരം, പരാമർശ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി പൊതുമരാമത്ത് വകുപ്പ്

മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിനും പ്രസ്തുത പ്രവൃത്തിയ്ക്ക് ധർമ്മടം നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തിവികസന പദ്ധതി പ്രകാരം അനുവദിച്ച 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പരാമർശം (2)-ലെ വ്യവസ്ഥകൾക്കനുസൃതമായി നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്ത് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം പരാമർശം(1) ഉത്തരവ് പരിഷ്കരിച്ച് നിലനിർത്തുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

ശ്രീ.കെ.കെ.നാരായണൻ, എം.എൽ.എ, ധർമ്മടം (ഉപരിപത്രം സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗം, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്/എ&ഇ, കേരള, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം
ധനകാര്യ നോഡൽസെന്റർ(ബി) വകുപ്പ് (നം.16478/NC-B3/2014/Fin തീയതി 07.03.2014)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ